**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 331** **07-10-2024 - ൽ മറുപടിയ്ക്ക്**

**വടക്കാഞ്ചേരി മണ്ഡലത്തിൽ പി.എം.ജി.എസ്.വൈ. പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി** | | **ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)** | |
| (എ) | വടക്കാഞ്ചേരി മണ്ഡലത്തിൽ പി.എം.ജി.എസ്.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ ഏതൊക്കെയാണെന്ന് ബ്ലോക്ക്, ഗ്രാമപഞ്ചായത്ത് എന്നിവ തിരിച്ചുള്ള വിവരം ലഭ്യമാക്കാമോ; | (എ) | വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | പ്രസ്തുത പദ്ധതി പ്രകാരം വടക്കാഞ്ചേരി മണ്ഡലത്തിൽ ഇപ്പോൾ നിർമ്മാണം നടന്നുകൊണ്ടിരിക്കുന്ന പ്രവൃത്തികൾ എത്ര ശതമാനം പൂർത്തിയായിട്ടുണ്ടെന്ന് ബ്ലോക്ക്, ഗ്രാമപഞ്ചായത്ത് എന്നിവ തിരിച്ചുള്ള വിവരം ലഭ്യമാക്കാമോ; | (ബി) | വടക്കാഞ്ചേരി ബ്ലോക്കിലെ തെക്കുംകര ഗ്രാമപഞ്ചായത്തിലെ പാക്കേജ് നമ്പർ കെ.ആർ 13-95, പുന്നംപറമ്പ് മണലിത്തറ ചെന്നിക്കര റോഡ് പ്രവൃത്തി ഇപ്പോൾ നടന്നു കൊണ്ടിരിക്കുന്നു. 70 ശതമാനം പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത പദ്ധതി പ്രകാരം വടക്കാഞ്ചേരി മണ്ഡലത്തിൽ ഭരണാനുമതി ലഭിക്കുകയും എന്നാൽ നിലവിൽ നിർമ്മാണം ആരംഭിക്കാതിരിക്കുന്നതുമായ പ്രവൃത്തികളുടെ ബ്ലോക്ക്, ഗ്രാമപഞ്ചായത്ത് എന്നിവ തിരിച്ചുള്ള വിവരം ലഭ്യമാക്കാമോ; | (സി) | ഭരണാനുമതി ലഭിക്കുകയും എന്നാൽ നിർമ്മാണം ആരംഭിക്കാത്തതുമായ പ്രവൃത്തികൾ നിലവിലില്ല. |
| (ഡി) | വടക്കാഞ്ചേരി മണ്ഡലത്തിൽ പി.എം.ജി.എസ്.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തി ഇനി ഭരണാനുമതി നൽകുന്നതിനായി പരിഗണനയിലുള്ള റോഡുകളുടെ മുൻഗണനാ ലിസ്റ്റ് ലഭ്യമാക്കാമോ; | (ഡി) | പി.എം.ജി.എസ്.വൈ. IV ലേക്ക് പുതിയ റോഡുകളെ ഉൾപ്പെടുത്തുന്നതിനുള്ള ലിസ്റ്റ് രൂപീകരണം നടന്നുവരുന്നതേയുള്ളൂ. |
| (ഇ) | പി.എം.ജി.എസ്.വൈ. പദ്ധതിയിൽ പ്രവൃത്തികൾ ഉൾപ്പെടുത്തുന്നതിന് നിലവിലുള്ള മാനദണ്ഡം വിശദമാക്കാമോ? | (ഇ) | കേന്ദ്ര മന്ത്രാലയം കാലാകാലങ്ങളിൽ പുറത്തിറക്കുന്ന പി.എം.ജി.എസ്.വൈ. മാനദണ്ഡങ്ങൾ പാലിച്ചാണ് ഓരോ സ്കീമിനും മുൻഗണന നിശ്ചയിക്കുന്നത്.<br><br>പി.എം.ജി.എസ്.വൈ 3-ൽ ഉൾപ്പെടുത്തേണ്ട റോഡുകൾ, അപ്ഡേഷൻ ഓഫ് ഡിസ്ട്രിക് റൂറൽ റോഡ് പ്ലാനിൽ ഉൾപ്പെട്ടതായിരിക്കണം. അതിൽ പ്രധാനമായും ഗ്രാമീണ അഗ്രികൾച്ചറൽ മാർക്കറ്റിന്റെയും ഹയർ സെക്കന്ററി സ്കൂളിന്റെയും ഹോസ്പിറ്റലിന്റെയും സമീപമുള്ള റോഡുകളെയാണ് തിരഞ്ഞെടുക്കുന്നത്. ഹാബിറ്റേഷനുകളുടെയും |

| | | | | |
|---|---|---|---|---|
| | | | | ഫെസിലിറ്റികളുടെയും തിരഞ്ഞെടുപ്പ് അതിന് നിശ്ചയിക്കപ്പെട്ട മാർക്ക് പ്രകാരമുള്ള CUCPL (Comprehensive Up-gradation cum Consolidation Priority List) റാങ്ക് അടിസ്ഥാനത്തിലാണ് നടത്തുന്നത്.<br><br>ഒരു ജില്ലയിലെ മുഴുവൻ റൂറൽ റോഡുകളെയും ബ്ലോക്ക് അടിസ്ഥാനത്തിൽ കമ്പ്യൂട്ടർ പ്രോസസ്സിലൂടെയാണ് റാങ്ക് നിർണ്ണയിക്കുന്നത്. ഇതിൽ ബന്ധപ്പെട്ട എം.പി യുടെ ശുപാർശയും ജില്ലാ പഞ്ചായത്തിന്റെ അംഗീകാരവും ഉൾപ്പെടുന്നു. കർശനമായ മാനദണ്ഡത്തോടെ ചുരുങ്ങിയത് 3 കി.മീ നീളവും 7.5 മീറ്റർ (Through Route)/ 6 മീറ്റർ (Major Rural Link) വീതിയിൽ മുഴുവൻ നീളത്തിലും സ്ഥലലഭ്യത (ഫ്രീ സറണ്ടർ) ബന്ധപ്പെട്ട ഗ്രാമപഞ്ചായത്ത് ലഭ്യമാക്കേണ്ടതായും ഉണ്ട്.<br><br>ചീഫ് സെക്രട്ടറി അധ്യക്ഷനായ സ്റ്റേറ്റ് ലെവൽ സ്റ്റാന്റിംഗ് കമ്മിറ്റി (SLSC) അംഗീകരിച്ച്, സ്റ്റേറ്റ് ടെക്നിക്കൽ ഏജൻസിയുടെ (STA) അംഗീകാരവും ലഭ്യമായതിന് ശേഷം ഗ്രാമവികസന മന്ത്രാലയത്തിന്റെ (MoRD) അംഗീകാരത്തിനായി സമർപ്പിക്കുന്നു. അവിടെ, പ്രീ-എംപവേർഡ് കമ്മിറ്റി, എംപവേർഡ് കമ്മിറ്റി എന്നിവയുടെ അംഗീകാരം ലഭിച്ചതിന് ശേഷമാണ് ഭരണാനുമതി നൽകുന്നത്.<br><br>പി.എം.ജി.എസ്.വൈ. IV-ന്റെ മാനദണ്ഡങ്ങൾ ലഭ്യമായിട്ടില്ല. |

സെക്ഷൻ ഓഫീസർ

അനുബന്ധം

# Programme Implementation Unit, Thrissur

## List of Roads under PMGSY Scheme

| Sl. No. | Package No. | Name of Block | Name of GP | Name of Road | Length | Present Stage of Work |
|---|---|---|---|---|---|---|
| **PMGSY I** | | | | | | |
| 1 | KR 13-04 | Puzhakkal | Kaiparambu | Ponnore Andaparambu | 1.910 | Work completed. Road transferred to District Panchayath |
| 2 | KR 13-04 | Puzhakkal | Adat | Poolakkal Malavai | 1.070 | |
| 3 | KR 13-04 | Puzhakkal | Adat | Ambalamkavu Udalakkavu | 1.010 | |
| 4 | KR 13-04 | Puzhakkal | Tholur | Nagathankavu | 0.720 | |
| 5 | KR 13-04 | Puzhakkal | Arimbur | Savio Home road | 0.530 | |
| 6 | KR 13-04 | Puzhakkal | Kaiparambu | Kodakkattu Mana road | 0.760 | |
| 7 | KR 13-04 | Puzhakkal | Veloor | Mahatma Medical college road | 2.710 | |
| 8 | KR 13-06 | Wadakkanchery | Thekkumkara | Nairangadi west Nayarangadi | 2.345 | |
| 9 | KR 13-06 | Wadakkanchery | Veloor | Thayoor - Thayyor H.S Road | 0.835 | |
| 10 | KR 13-06 | Wadakkanchery | Erumapetty | Erumapetty Shankarankavu | 1.000 | |
| 11 | KR 13-06 | Wadakkanchery | Deshamangalam | Kadukkassery - Thachankunu | 1.350 | |
| 12 | KR 13-06 | Wadakkanchery | Thekkumkara | Vattai - Thachankuzhi Road | 0.990 | |
| 13 | KR 13-06 | Wadakkanchery | Veloor | Thali - Viruttonam Road | 2.137 | |
| 14 | KR 13-25 | Wadakkanchery | Veloor | Velur Post Office-Kiralur, Velur | 1.410 | |
| 15 | KR 13-25 | Wadakkanchery | Mundathikodu, Wadakkanchery | Parlikkad North-Mangalam West | 5.355 | |
| 16 | KR 13-06 (A) | Wadakkanchery | Kadagode | Nellikunnu - Chiramanagad road | 1.175 | |
| 17 | KR 13-53 | Wadakkanchery | Mundathikodu | Thiruthiparambu-Chengodu road | 1.535 | |
| 18 | KR 13-59 | Wadakkanchery | Mullurkara | Mullurkkara-Kannampara road | 2.260 | |
| 19 | KR 13-74 | Wadakkanchery | Erumapetty | Kuttanchery-Bharanichira road | 2.150 | |

| | | | | | | |
|---|---|---|---|---|---|---|
| **PMGSY II** | | | | | | |
| 20 | KR 13-83 | Wadakkanchery | Thekkumkara | Poomala - Pulikkappuram - Anaperuvzhi Road | 1.530 | Work completed. Road transferred to District Panchayath |
| **PMGSY III** | | | | | | |
| 21 | KR 13-93 | Puzhakkal | Adat | Manidam - Padam Road | 4.100 | 100 % work completed |
| 22 | KR 13-95 | Wadakkanchery | Thekkumkara | Punnamparambu - Manalithara - Chennikkara Road | 6.474 | 70 % work completed |
| 23 | KR 13-101 | Puzhakkal | Kolazhy, Avanoor | Kottekkadu-Kolangattukara Road | 3.526 | 100 % work completed |